## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ചിലർ തങ്ങൾക്കിഷ്ടമായി തോന്നുന്ന ചിലതിന് അമിതമായ പ്രാധാന്യം കൊടുക്കകയും മററുചിലതിനെ പാടെ അവഗണിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ഒന്നിന് അമിതപ്രാധാന്യം കൊടുത്തിട്ട് മറെറാന്നിനെ അവഗണിക്കുകയോ ചെയ്യുന്നത് അല്പം പോലും അഭികാമ്യമല്ല. ദൈവവചനം ഏതിനെല്ലാം പ്രാധാന്യം കൊടുത്തിട്ടുണ്ടോ അവയ്ക്ക് എല്ലാം അതേ പ്രാധാന്യം നാം കൊടുക്കേണ്ടതാണ്. ഇവിടെ പച്ചപുല്ലിൽ മേയുന്നതും സ്വസ്ഥജലം കുടിക്കുന്നതും തുല്യപ്രാധാന്യമുള്ളതാണ്. അതുകൊണ്ടാണ് അവ രണ്ടും ഒരേ നിലയിൽ ഇടയൻ തന്നെ ക്രമീകരിക്കുകയും ആടുകളെ അവിടേക്ക് നയിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നത്. ഇവിടെ പച്ചപുല്ല് മേട് ദൈവവചനങ്ങൾക്കും അതിലെ പുല്ലുകൾ ഓരോ വചനത്തിനും സദൃശ്യമാണ്. ഇടയൻ തന്റെ ആടുകൾക്കുവേണ്ടി പച്ചപുൽ മേടുകൾ എപ്രകാരമാണ് ക്രമീകരിക്കുന്നതെന്ന് അറിയണം. നാം വളരേണ്ടതിന്, നിലനിൽക്കേണ്ടതിന് ദൈവവചനം ദിനം തോറും ഭക്ഷിക്കേണ്ടത് ആവശ്യമാണ്. അത് നാം വായിക്കുകയും ധ്യാനിക്കുകയും വേണം. അതിനെ ഹൃദയത്തിൽ സംഗ്രഹിച്ചുകൊള്ളണം.

ഏതു നിലയിലും ദൈവവചനം നമ്മുടെ ജീവിതത്തിൽ ഒരു പ്രധാനഭാഗമായി തീരേണ്ടത് ക്രിസ്തീയജീവിതത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമാണ്. മററ് പലതിനും പ്രാധാന്യം കൊടുത്തിട്ട് ദൈവവചനത്തെ ഓരോരോ അളവിൽ അവഗണിക്കുന്ന പലരുണ്ട്. ദൈവവചനത്തിന് പകരം വയ്ക്കാവുന്നതായി ദൈവവചനമല്ലാതെ മറെറാന്നുമില്ല എന്ന് നാം ഓർക്കണം. ദൈവവചനം ക്രിസ്തീയജീവിതത്തിന്റെ ആഹാരമാണ്. അത് ദിനം തോറും ഭക്ഷിക്കുന്ന അനുഭവം നമുക്കുണ്ടാകണം. നമുക്ക് ആത്മീയശക്തിയില്ല, നിലനിൽക്കാൻ കഴിയുന്നില്ല, പോരാട്ടത്തിൽ ജയം ലഭിക്കുന്നില്ല എന്തെല്ലാം പരാതിപ്പെടുന്നു. അവയുടെ വെളിച്ചത്തിൽ പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുന്നു. പക്ഷെ, ആത്മീയഭക്ഷണം കഴിക്കാതെ എങ്ങനെ ആത്മീയമായി ജീവിക്കുവാനും പുഷ്ടിപ്പെടുവാനും സാധിക്കും. ആകയാൽ, ഇനിയും മററുള്ളവരോട് പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുന്നതിന് മുൻപേ, കണ്ടുണർന്ന് യഥാസ്ഥാനപ്പെടുകയും ദൈവവചനം വായിക്കുവാനും ധ്യാനിക്കുവാനും തയ്യാറാകുകയും ചെയ്യണം. യേശുവിനെ സാത്താൻ പരീക്ഷിച്ചപ്പോൾ സാത്താനെ ആട്ടിപ്പായിക്കുവനായി അവൻ ഉപയോഗിച്ച ആയുധം ദൈവവചനം ആയിരുന്നു. വിവിധമായ ദുരുപദേശങ്ങളും മാനുഷിക അഭിപ്രായങ്ങളും പരക്കെ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് സത്യഉപദേശം എന്താണെന്ന് തിരിച്ചറിയുന്നതിനും അതിനെ തെററ് പററാതെ പിൻപററുന്നതിനുള്ള മാർഗ്ഗം ആരായണം.

തുടരും...